# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5311 | 31/10/2016 ൽ മറുപടിക്ക് |
|---|---|

## അഴിമതിയും കൈക്കൂലിയും അവസാനിപ്പിക്കുന്നതിന് നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ബാബു. | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതിയും കൈക്കൂലിയും സമ്പൂർണ്ണമായും അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതിയും കൈക്കൂലിയും സമ്പൂർണ്ണമായി അവസാനിപ്പിക്കുന്നതിനു വേണ്ടി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ വിവിധ തരത്തിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരാതികളിൻമേൽ അന്വേഷണം, മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം, ഓഫീസ് സന്ദർശനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നുണ്ട്. സർക്കാർ ഓഫീസുകളിൽ കണ്ടുവരുന്ന അഴിമതി സംബന്ധമായ വിഷയങ്ങൾ പരിഹരിക്കുന്നതിനായി "കൺകറന്റ് വിജിലൻസ്" (Concurrent Vigilance) എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിലെ അഴിമതി തടയുക എന്ന ലക്ഷ്യത്തോടെയാണ് പ്രദേശത്തെ വിജിലൻസ് ഉദ്യോഗസ്ഥന്റെ വിലാസവും ഫോൺനമ്പരും ഉൾപ്പെടെയുള്ള വിവരങ്ങൾ ഓരോ ഓഫീസിലും പ്രദർശിപ്പിച്ചിട്ടുള്ളത്. "Zero tolerance to corruption" എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തിക്കുന്നു.അഴിമതി നിരോധന നിയമങ്ങളെപ്പറ്റിയും അഴിമതി തുടച്ചു നീക്കുന്നതിനു വേണ്ടിയുള്ള പ്രിവന്റീവ് വിജിലൻസ് പ്രവർത്തനങ്ങൾക്കുവേണ്ടിയും ജനവിഭാഗങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. സംസ്ഥാന സിവിൽ സർവ്വീസിലെയും സർക്കാർ ഇതര ഓഫീസുകളിലെയും ഉദ്യോഗസ്ഥർക്കും, കുടുംബശ്രീ പ്രവർത്തകർക്കും വായനശാലകൾ മുഖാന്തിരവും, പൊതുജനങ്ങൾക്ക് പരിശീലന |

| | | | |
|---|---|---|---|
| | | | ക്ലാസുകൾ സംഘടിപ്പിച്ചും, അഴിമതിയുടെ ദൂഷ്യ വശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. അഴിമതിയെപ്പറ്റി വിവരം നല്കുന്നതിനായി വിസിൽ ബ്ളോവർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. സമൂഹത്തിലെ അഴിമതി തുടച്ചുനീക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഭരണത്തിന്റെ സദ്ഫലങ്ങൾ ജനങ്ങളിൽ എത്തിക്കുവാനും സംതൃപ്തവും അതേ സമയം കാര്യക്ഷമവുമായ സിവിൽ സർവ്വീസ് വാർത്തെടുക്കുന്നതിനുമായി "Zero tolerance to corruption" എന്ന നയത്തിന്റെ വിജയത്തിനാവശ്യമായ അഴിമതി നിർമ്മാർജ്ജന ബോധവത്കരണം വളരെ ശക്തമായും വിപുലമായും സോഷ്യൽ മീഡിയയിലും ദൃശ്യ-അച്ചടിമാദ്ധ്യമങ്ങളിലും നടത്തുന്നതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര അഴിമതി, കൈക്കൂലി കേസ്സുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) & (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 174 അഴിമതി കേസുകളും 6 കൈക്കൂലി കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ അന്വേഷണം പൂർത്തിയായാൽ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | ഇതുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാർക്കെതിരെ നടപടി എടുത്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകളിലാണെന്നും വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ